**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **06-10-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകർ അടക്കേണ്ട തുകയിൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്ത തിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവ രുന്നുണ്ട്.<br><br>2022-27 കാലയളവിലേക്കായി 100 കോടി രൂപ ബി.പി.എൽ. വൈദ്യുതി കണക്ഷ നുകൾ നൽകാനായി കെ.എസ്.ഇ.ബി. എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78135 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നിലവിൽ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്ത തിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകിവ രുന്നുണ്ട്.<br><br>2022-27 കാലയളവിലേക്കായി 100 കോടി രൂപ ബി.പി.എൽ. വൈദ്യുതി കണക്ഷ നുകൾ |

| | | | |
|---|---|---|---|
| | | | നൽകാനായി കെ.എസ്.ഇ.ബി. എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2025 വരെ 91.71 കോടി രൂപ ചെലവഴിച്ച് 78135 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) | സർക്കാറിന്റെ ധനസഹായത്തോടെ പൂർത്തീകരിക്കുന്ന വീടുകൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സൗജന്യമായി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | സർക്കാരിന്റെ ധനസഹായത്തോടെ പൂർത്തീകരിക്കുന്ന മേൽ വിഭാഗത്തിൽ ഉൾപ്പെടാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി കണക്ഷൻ നൽകാൻ നിശ്ചയിച്ചിരിക്കുന്ന തുക അടയ്ക്കേണ്ടതാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് റെഗുലേഷൻ 32, 37 പ്രകാരം ഏതു തരം വൈദ്യുത കണക്ഷനും, ആ കണക്ഷൻ നല്കുന്നതിലേക്കായി വേണ്ടി വരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്നും, ഇത്തര ത്തിൽ ഏതെങ്കിലും വിഭാഗത്തിന് ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണ മെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത്തരത്തിൽ പണം അടയ്ക്കുന്ന ക്രമത്തിലാണ് പുതിയ കണക്ഷനുകൾ നൽകി വരുന്നത് . |

സെക്ഷൻ ഓഫീസർ